LIBRARY ARCHIVES Kerala Legislative Assembly

കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ

127 (4729) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വ്യാജ ജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ തട്ടിയെടുത്ത എത്ര കേസ്സുകൾ ഇപ്പോൾ പരിശോധിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) വ്യാജ സർട്ടിഫിക്കറ്റ് സമ്പാദിച്ച എത്ര കേസുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ആരുടെയൊക്കെ പേരിലായിരുന്നുവെന്നും ഇവർ ഏതെല്ലാം ഡിപാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നവരായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ഇ) വ്യാജ സർട്ടിഫിക്കറ്റ് സമ്പാദിച്ച് സർക്കാർ ജോലി നേടിയ എത്ര പേർ ഇപ്പോൾ സർവ്വീസിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ ; ഇവർ ആരെല്ലാം ; ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നവരാണെന്നും വ്യക്തമാക്കുമോ ;

(എഫ്) ഇവരുടെ പേരിൽ നടപടികൾ എന്തെങ്കിലും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിർത്താഡ്സിലെ വിജിലൻസ് സെൽ ഇത്തരം 210 കേസുകളിൽ അന്വേഷണം നടത്തി വരുന്നു. സ്ക്രൂട്ടിനി കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കപ്പെട്ട 126 കേസുകളുടെ നടപടിക്രമം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) സ്ക്രൂട്ടിനി കമ്മിറ്റി ഇതേവരെ 140 റിപ്പോർട്ടുകളിന്മേൽ ആകെ 250 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്ക്രൂട്ടിനി കമ്മിറ്റിയുടെ നടപടികൾക്കു വിധേയരാകുന്നവർ കോടതിയിൽ റിട്ട് ഹരജി ചെയ്ത് ഉത്തരവിനെതിരെ സ്റ്റേ സമ്പാദിക്കുന്നതാണ് കണ്ടുവരുന്നത്. കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ നല്കാൻ നിർവ്വാഹമില്ല.

(ഇ) അന്വേഷണത്തെ ബാധിക്കുമെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(എഫ്) പരാതി ലഭിച്ച കേസുകളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃപ്രങ്ങോട്ടൂർ, പാട്യം, പാനൂർ, കുന്നോത്തുപറമ്പ് പഞ്ചായത്തുകളിലെ അംഗീകൃത പട്ടികജാതി കോളനികൾ

122 (4730) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, തലശ്ശേരി താലൂക്കിലെ തൃപ്രങ്ങോട്ടൂർ, പാട്യം, പാനൂർ, കുന്നോത്തുപറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ആകെ എത്ര അംഗീകൃത പട്ടികജാതി കോളനികൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;